

# ആഗോളവൽക്കരണത്തിന്റെ ബാക്കിപത്രം
# ചില ടാൻസാനിയൻ അനുഭവങ്ങൾ

അനിൽകുമാർ, ധന്യ

**സാമൂഹ്യ പ്രവർത്തകനും ഊർജ്ജ വിദഗ്ദ്ധനുമായ അനിൽകുമാർ ചെറുകിട വൈദ്യുത പദ്ധതി സ്ഥാപിക്കാനായി ടാൻസാനിയയിലെ കിങ്കോയിലേയ്ക്ക് യാത്ര ചെയ്ത അനുഭവം. ഒപ്പം കേരളത്തിനും ഇന്ത്യയ്ക്കും ആഗോളവൽക്കരണവും നവോദാരവൽക്കരണവും ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള സൂചനകളും കാണാം.**

നൈറോബിയിയിൽ നിന്ന് ദാർ -എസ്- സലാമിലേക്കുള്ള യാത്ര ഏതൊരു യാത്രക്കാരനും അവിസ്മരണീയമായ അനുഭവമാണ്. ഏററവും ഉയരം കൂടിയതും ലോകത്തിലെതന്നെ മൂന്നാമത്തെതുമായ കിളിമഞ്ജാരോ എന്ന പർവ്വതം ഈ വഴിയിൽ സ്ഥിതി ചെയ്യുന്നു.

ടാൻസാനിയൻ വിസാനിയമങ്ങൾ വളരെ ലളിതം തന്നെ. യാത്ര പുറപ്പെടുന്നതിനു മുമ്പ് വിസ സ്ററാമ്പ് ചെയ്യേണ്ട ആവശ്യമൊന്നുമില്ല. 50 യു. എസ്. ഡോളർ കൊടുത്താൽ ഏതു വിദേശിക്കും വിസ സ്ററാമ്പ് ചെയ്തു കിട്ടും.

ഐക്യരാഷ്ട്രസഭയുടെ ഒരു യൂണിറ്റായ UNIDO (United nation's Industrial Development Organization) യുടെ കൺസൾട്ടന്റ് ആയാണ് ഞാൻ ടാൻസാനിയയിലെത്തുന്നത്. അവിടുത്തെ ഗ്രാമീണവൈദ്യുത പദ്ധതിയുടെ ഭാഗമായി കിങ്കോ എന്ന ഗ്രാമത്തിൽ ഒരു ചെറുകിട വൈദ്യുത ഉൽപ്പാദന പദ്ധതി (10KW) സ്ഥാപിച്ച് നാനൂറോളം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുക എന്നതായിരുന്നു ഞങ്ങളുടെ പരിപാടി. 2006 നവംബറിൽ ഈ പദ്ധതി കമ്മീഷൻ ചെയ്യുകയും ചെയ്തു.

### കാലാവസ്ഥ


2005 ഡിസംബർ 3-ാം തീയതിയാണ് ഞാൻ ടാൻസാനിയയിലെത്തുന്നത്. ശരിക്കു പറഞ്ഞാൽ, ആഫ്രിക്കയെക്കുറിച്ച് പുസ്തകങ്ങളിലൂടെയും സക്കറിയ തുടങ്ങിയവരുടെ യാത്രാ വിവരണങ്ങളിലൂടെയും വളരെ പണ്ടു വായിച്ച പൊറ്റക്കാടിന്റെ കാപ്പിരികളുടെ നാടിനെപ്പറ്റിയുമുള്ള ഒരു നേർത്ത അനുഭവം മാത്രമേ ഉണ്ടായിരുന്നുള്ളൂ. നൈജീരിയ പോലെയോ സൗത്ത് ആഫ്രിക്ക പോലെയോ ഐതിഹാസികമായ സമരങ്ങൾ നടത്തിയ സ്ഥലമല്ലാത്തതിനാലാവാം ടാൻസാനിയയെപ്പറ്റി കാര്യമായ അവഗാഹമൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഭൂമദ്ധ്യ രേഖയോടു ചേർന്നു കിടക്കുന്നതായതുകൊണ്ടു തന്നെ ഭൂപ്രകൃതിയും കാലാവസ്ഥയും ഏതാണ്ട് നമ്മുടെതിനോട് സദൃശമായിരിക്കുന്നു എന്നു വേണം കരുതാൻ. എയർ പോർട്ടിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ ദൂരമുണ്ട് ടാൻസാനിയയുടെ തലസ്ഥാനമായ ദാർഎസ് സലാമിലേക്ക്. വളരെ വീതി കൂടിയതും ഭംഗിയുള്ളതുമായ പാതയുടെ ഇരു വശങ്ങളിലും നിറഞ്ഞു നിൽക്കുന്ന തെങ്ങിൻ കൂട്ടങ്ങളും മാവും പ്ലാവും പുളിയും ഒക്കെത്തന്നെ കേരളീയനെ അത്ഭുതസ്തനാക്കുന്ന കാഴ്ചകളാണ്. കാരണം നമ്മുടെ നാട്ടിൽ കാണുന്ന എല്ലാ വിധ സസ്യജാലങ്ങളും വളരെ സമൃദ്ധമായി തന്നെ അവിടെയും കാണാം. നിറയെ പൂത്തുലഞ്ഞു നിൽക്കുന്ന മാവുകളും കണിക്കൊന്നയും ശരിക്കും ഗൃഹാതുരത്വം ഉണർത്തുന്ന കാഴ്ചകൾ തന്നെയാണ്.

ദാർഎസ് സലാമിലെ ഒരു ദിവസം വളരെ സുന്ദരമായിരുന്നു. ദാർഎസ് സലാം ഒരു രാജ്യത്തിന്റെ തലസ്ഥാനമാണെന്നേ തോന്നുകയില്ല. വളരെ ചെറിയ ഒരു പട്ടണം. പട്ടണത്തിലെ പല സ്ഥലങ്ങളും ഉൾനാടൻ ഗ്രാമങ്ങളെ പോലെ തോന്നിച്ചു. വൻ കോൺക്രീറ്റ്

കാടുകളില്ലാതെ ഒരു തീരപ്രദേശത്തിന്റേതായ എല്ലാ ഭാവങ്ങളും ഉൾക്കൊണ്ട് നിൽക്കുന്ന വളരെ സുന്ദരമായ ഒരു സ്ഥലം.

ആദ്യം തന്നെ എനിക്കു ബോധ്യപ്പെട്ട ഒരു വസ്തുത നിത്യജീവിതത്തിൽ അത്യാവശ്യമായ എല്ലാ വസ്തുക്കൾക്കും വൻവില കൊടുക്കേ വരുന്ന അവസ്ഥയാണവിടെ നിലനിൽക്കുന്നത് എന്നാണ്. ഒരു ദിവസത്തെ *പീകോക്ക്* ഹോട്ടലിലെ താമസം വളരെ ഉന്മേഷകരമായിരുന്നു. അന്നുച്ചയ്ക്ക് ഒരു ചെറിയ ഹോട്ടലിൽ നിന്ന് ആദ്യമായി താൻസാനിയൻ ഭക്ഷണം കഴിച്ചു. പച്ചരിച്ചോറും മീൻകറിയുമായിരുന്നു വിഭവങ്ങൾ. വളരെ ചെറിയ ഹോട്ടലായിരുന്നിട്ടു പോലും 250 ഇന്ത്യൻ രൂപയ്ക്ക് സമാനമായ അവരുടെ പണം (5000 ടാൻസാനിയൻ ഷില്ലിങ്) കൊടുക്കേണ്ടി വന്നു. രാത്രി വെറുതെ നടക്കാനിറങ്ങി. പീകോക്ക് ഹോട്ടലിൽ നിന്നും രണ്ടു വശത്തേക്കും നീണ്ടു നിൽക്കുന്ന വിശാലമായ വീഥികൾ, ചെറിയ ബസ്‌റ്റോപ്പുകൾ, രാത്രി എട്ടു മണിയായിക്കാണും; ആൾക്കാർ അവിടവിടെ കൂട്ടം കൂടി നിൽക്കുന്നുണ്ടായിരുന്നു. റോഡുകളെല്ലാം വിജനമായിത്തുടങ്ങി. ബസുകൾ ഗ്രാമത്തിലേക്കുള്ള അവസാനത്തെ യാത്രക്കാരനെയും കൊണ്ടു പോകാനുള്ള തയ്യാറെടുപ്പിലാണെന്നു തോന്നി.

ഞാൻ എനിക്കു പറ്റുന്ന ഒരു ഭക്ഷണശാല കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ട് കുറെ നടന്നു. എവിടെയും ചെറിയ രീതിയിലുള്ള ഭക്ഷണശാലകൾ ഇല്ലാത്തതുപോലെ തോന്നി. അപ്പോഴാണ് ഒരു അടച്ചിട്ട കടയുടെ മുമ്പിൽ കുറെ ആൾക്കാർ കൂടി നിൽക്കുന്നത് ശ്രദ്ധയിൽപെട്ടത്. ചെന്നുനോക്കിയപ്പോൾ നമ്മുടെ നാട്ടിലെ തട്ടുകട പോലൊരു സംവിധാനം. ആൾക്കാർഅവിടവിടെ ഇരുന്നും നിന്നും ഭക്ഷണം കഴിക്കുന്നു. വെളിയിൽ, കനലിലിട്ട് എന്തോ ചുട്ടെടുക്കുന്നുമുണ്ട്. ഏതായാലും എനിക്കു പറ്റിയ സ്ഥലം ഇതു തന്നെ എന്ന് തീരുമാനിച്ച് ഒരു സീറ്റിൽ ഞാനും സ്ഥാനം പിടിച്ചു. ഒരു കരുമാടിക്കുട്ടൻ തലയും ചൊറിഞ്ഞ് വന്ന് എന്തു വേണമെന്ന് അവരുടെ ഭാഷയിൽ ചോദിച്ചു. എനിക്കൊന്നും മനസ്സിലായില്ല. ചിക്കൻ എന്നു പറഞ്ഞതു പോലെ തോന്നിയതു കൊണ്ട് ഞാനും ചിക്കൻ എന്ന് ആവർത്തിച്ചു. പിന്നെ എന്തു വേണമെന്ന ചോദ്യത്തിന് ഉത്തരം കൊടുത്തത് അടുത്തിരിക്കുന്നയാളിന്റെ പ്ലേറ്റിലേക്ക് കൈ ചൂണ്ടിക്കാണിച്ചാണ്. നിമിഷങ്ങൾക്കുള്ളിൽ ഒരു പാത്രത്തിൽ ചുട്ടെടുത്ത ചിക്കനും കൂടെ കുറെ ചിപ്സും ഒരു കുപ്പിയിൽ സോസും ആയി അവനെത്തി. ഭക്ഷണം കണ്ടപ്പോൾ തന്നെ ഞാൻ പേടിച്ചു പോയി. കയ്യിലുള്ള മുഴുവൻ പണവും കൊടുത്താലും ഇവിടെ നിന്നും ഇറങ്ങിപ്പോകാൻ കഴിയുമോ എന്ന ശങ്കയോടെ ഞാൻ കഴിക്കാൻ തുടങ്ങി. ഭക്ഷണം രുചിയുള്ളതായിരുന്നു. കാപ്പിരിച്ചെക്കൻ ഇടയ്ക്കിടെ വന്ന് എന്റെ



കൂടുതൽ ആവശ്യങ്ങൾ അന്വേഷിച്ചു കൊണ്ടേയിരുന്നു. ഭക്ഷണം കഴിച്ചു കഴിഞ്ഞതിനു ശേഷം അത്യന്തം ഉത്കണ്ഠയോടെ, കാശെത്രയായി എന്ന് ആംഗ്യഭാഷയിൽ ചോദിച്ചു. അവന്റെ മറുപടി എന്നെ അത്ഭുതപ്പെടുത്തി. വെറും 1000 ഷില്ലിംഗ്. ഏകദേശം 40 ഇന്ത്യൻ രൂപ. ടാൻസാനിയൻ പട്ടണങ്ങളിൽ ഇത് പതിവു രീതിയാണെന്ന് പിന്നീടാണ് അറിയാൻ കഴിഞ്ഞത്. സന്ധ്യ കഴിഞ്ഞാൽ തുറക്കുന്ന ഇത്തരം തട്ടുകടകളാണ് സാധാരണക്കാരുടെ ഭക്ഷണശാലകൾ. ഇവിടെ രുചിയേറിയ വിഭവങ്ങൾ ചെറിയ വിലയ്ക്ക് ലഭ്യമാകും. ഇത്തരം വിഭവങ്ങൾ ഒരു സാധാരണ ഹോട്ടലിൽ നിന്ന് കഴിക്കണമെങ്കിൽ പോലും ഇതിന്റെ അഞ്ചിരട്ടി വില കൊടുക്കേണ്ടി വരും.

പിറ്റേ ദിവസം തന്നെ ഞങ്ങൾ കിങ്കോ എന്നറിയപ്പെടുന്ന ടംഗാ മേഖലയിൽ പെട്ട പ്രൊജക്ട് സൈറ്റിലേക്ക് യാത്രയായി. ഏകദേശം 400 കിലോമീറ്റർ പിന്നിട്ട യാത്ര വളരെ ഹൃദയംഗമമായിരുന്നു. കാരണം ഈ റോഡിന്റെ ഇരു വശങ്ങളിലും ഇടതൂർന്ന് നിൽക്കുന്ന പൂത്തുലഞ്ഞ മാവിൻ കൂട്ടങ്ങളും എല്ലാ ഇനത്തിലും പെട്ട വാഴകളും പ്ലാവുകളും ഒക്കെ നമ്മുടെ നാട്ടിൽ കാണുന്നതിനെക്കാൾ സമൃദ്ധമായി കാണാൻ കഴിയുന്നത് ആരെയും ആശ്ചര്യപുളകിതരാക്കുന്ന കാഴ്ചകളാണ്. ടാൻസാനിയൻ ഗ്രാമീണ ജനത എന്നു പറയുന്നത് വളരെ ചെറിയ കൂരകൾക്കുള്ളിൽ, തിങ്ങിനിറഞ്ഞിരിക്കുന്ന കുട്ടികളെ ഉൾക്കൊള്ളാവാനാകാതെ വീടുകളുടെ വെളിയിൽ അടുപ്പു കൂട്ടുകയും ആഹാരം പാകം ചെയ്ത് കഴിക്കുകയും ചെയ്യുന്നവരാണ് എന്നു തോന്നി. എങ്കിലും എത്ര കഠിനമായ ദാരിദ്രത്തിലും ആകുലതകൾക്ക് സ്ഥാനം കൊടുക്കാതെ സന്തോഷം നിറഞ്ഞ ജീവിതം നയിക്കുന്നവരാണ് അവർ എന്ന സത്യം നമ്മെ വളരെ അതിശയിപ്പിക്കുന്നതാണ്.

ഇവിടെ നിന്നും ഏതാണ്ട് ഒരു 100 കിലോമീറ്റർ പിന്നിട്ടു കഴിഞ്ഞാൽ മസായിമാരുടെ പ്രദേശമാണ്. മസായിമാരെന്നു പറഞ്ഞാൽ സ്ഥിരമായി വീടില്ലാത്ത

വരും സ്ഥിരമായി ഒരിടത്തു താമസിക്കാത്തവരും കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീക രിച്ചവരുമായ ഒരു ജനതയാണ്. ഇക്കൂട്ടരെ കൂടുത ലായും കാണപ്പെടുന്നത് കെനിയ, ടാൻസാനിയ ഭാഗങ്ങളിലാണ്. ഒരു സ്ഥലത്ത് താമസിക്കുകയും അവിടെ പശുക്കളെ മേയ്ക്കുകയും അവിടത്തെ പുല്ലും അനുകൂലസാഹചര്യങ്ങളും തീർന്നു കഴി ഞ്ഞാൽ അടുത്ത സ്ഥലത്തേക്ക് പലായനം ചെയ്യുകയും അവിടെ താൽക്കാലിക ഷെഡുകളു ണ്ടാക്കി താമസിക്കുകയും ചെയ്യുന്നവരാണ് മസായി മാർ. താൽക്കാലിക വസതികളസ്സാണെങ്കിലും ഇവരുടെ വീടുകൾ വളരെ ഭംഗിയുള്ളവയാണ്. വൈകുന്നേരം 6 മണിയായപ്പോൾ കിങ്കോയിൽ നിന്ന് ഏതാണ്ട് 30 കിലോമീററർ അടുത്തുള്ള ലുഷോട്ടോ എന്ന പട്ട ണത്തിലെത്തിച്ചേർന്നു. ഒരു ജില്ലാ ആസ്ഥാനമായ ലുഷോട്ടോ, കിളിമഞ്ജാരോയ്ക്കടുത്തുള്ള ഒരു വളരെ സുന്ദരമായതും നല്ല കാലാവസ്ഥയുള്ളതുമായ വിനോദസഞ്ചാരകേന്ദ്രമാണ്. പിറേറ ദിവസം തന്ന ഞങ്ങൾ കിങ്കോയിലേക്ക് യാത്രയായി. കിങ്കോയിലേ ക്കുള്ള യാത്ര പോലും വളരെ വ്യത്യസ്തമായിരുന്നു. മലമടക്കുകളും ഒട്ടേറെ വളവുകളും തിരിവുകളുമുള്ള ഒട്ടും ഗതാഗതയോഗ്യമല്ലാത്ത വഴികളുമൊക്കെ നിറ ഞ്ഞതായിരുന്നു അവിടേക്കുള്ള മാർഗ്ഗം. 1906-കളിലൊ ക്കെത്തന്നെ ജർമ്മൻകാർ നിർമ്മിച്ച ഈ റോഡ് ഇതു വരെയായിട്ടും ടാർ ചെയ്യുക പോലും ചെയ്തിട്ടില്ല. ഇത്തരത്തിലാണ് ഗ്രാമങ്ങളിലെ പൊതുവായ വികസന രീതി എന്ന് നമുക്ക് കാണാൻ സാധിക്കും. കാലമിതു വരെയായിട്ടും റോഡ് ടാർ ചെയ്യുന്നതിനോ അററകു ററപ്പണികൾ ചെയ്യുന്നതിനോ പോലും സർക്കാർ മുമ്പോട്ടു വന്നിട്ടില്ല. എന്തൊക്കെത്തന്നെയായാലും ആ യാത്ര വളരെ അവിസ്മരണീയമായിരുന്നു. കൃഷിക്കാർ റോഡിന്റെ ഇരു വശങ്ങളിലയും പാടങ്ങളിൽ തക്കാ ളി, ഉരുളൻകിഴങ്ങ്, കാബേജ് തുടങ്ങിയവ പാടങ്ങളിൽ കൃഷി ചെയ്യുന്നതും അവയെ പരിചരിച്ചും നീങ്ങു ന്നതും കണ്ടപ്പോൾ വളരെ ആഹ്ളാദം തോന്നി.

ലുഷോട്ടോ ഒരു വിനോദസഞ്ചാര കേന്ദ്രമാണെ ങ്കിലും ഒരു കാർഷിക മേഖല കൂടിയാണ്. ലുഷോട്ടോ എന്ന ആ ചെറിയ പട്ടണപ്രദേശം കഴിഞ്ഞാൽ ഉസം ബാര മലനിരകൾ മുഴുവനായും ഉൾനാടൻ കാർഷികമേഖലാപ്രദേശമാണെന്നു പറയാം. കർഷക രുടെ ഉൽപന്നങ്ങൾ വിററഴിക്കുന്നതിനു വേണ്ടി ആഴ്ച യിൽ രണ്ടു ദിവസം ചന്ത സജീവമായിരിക്കും. അന്നേ ദിവസം രാവിലെ 4 മണി മുതൽ ഗ്രാമങ്ങളിൽ നിന്ന് വലിയ കൊട്ടകളിൽ തലച്ചുമടായി ഗ്രാമീണർ കാർഷി കോൽപ്പന്നങ്ങൾ ചന്തയിൽ എത്തിച്ചു തുടങ്ങും. സ്ത്രീകളുടെയും കുട്ടികളുടെയും നീണ്ട നിര രാവിലെ തന്നെ ആരവത്തോടു കൂടി കൃഷിയിടങ്ങളിലൂടെ ചന്തയെ ലക്ഷ്യമാക്കി നീങ്ങുന്നതു കാണാം. പലർക്കും ചന്തയിലെത്താൻ മലയിറങ്ങി താഴ്വരക




ളിലൂടെ കിലോമീററുകൾ നടക്കേണ്ടതായിട്ടുണ്ട്. എന്നാൽ ചന്തയിലേക്കുള്ള യാത്രയിൽ എല്ലാവരു ടെയും മുഖത്ത് പ്രതീക്ഷയുടെ പ്രകാശം നിറഞ്ഞു നിൽക്കുന്നുണ്ടാകും.

വൈകുന്നേരമാവുമ്പോഴേക്കും വാടിയ മുഖവും ഒട്ടിയ വയറുമായി ക്ഷീണിച്ച് തിരികെയുള്ള ദയനീയ യാത്ര ചന്ത ദിവസങ്ങളിലെ സ്ഥിരം കാഴ്ചയാണ്. രാവിലെ തന്നെ പല ദിക്കുകളിൽ നിന്നും വന്ന മൊത്തക്കച്ചവടക്കാർ തയ്യാറായി നിൽപുണ്ടാകും. ഗ്രാമീണരുടെ കാർഷികോൽപ്പന്നങ്ങൾ ഏററവും ചെറിയ വിലയ്ക്ക് വാങ്ങി മൊത്തക്കച്ചവടക്കാർക്ക് നൽകാൻ ഇടനിലക്കാരക്കാരും തയ്യാറായി നിൽപുണ്ടാകും. ഉച്ച വരെയും നടക്കുന്ന വിലപേശ ലുകൾക്കൊടുവിൽ തുച്ഛമായ വിലയ്ക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ കൊടുത്തിട്ടു പോകാൻ എപ്പോഴും ഗ്രാമീ ണർ തയ്യാറാകേണ്ടി വരും. പലപ്പോഴും ഉൽപ്പാദനച്ചി ലവു തന്നെ ഒത്തു പോകില്ല എന്നാണ് കിങ്കോയിലെ പല ഗ്രാമീണരും എന്നോട് പറഞ്ഞിട്ടുള്ളത്. ഉച്ചയാ കുന്നതോടു കൂടി കർഷകരിൽ നിന്നും ശേഖരിച്ച സാധനങ്ങളെല്ലാം കൂടി (തക്കാളി, ഉരുളക്കിഴങ്ങ്, സവാള, കാബേജ്, തേങ്ങ, ചക്ക, മത്സ്യം, മാമ്പഴം, മുത ലായവയാണ് പ്രധാനമായും ചന്തയിലെത്തുന്നത്). പട്ടണത്തിലെ മൊത്തക്കച്ചവടക്കാരുടെ ഏജന്റുമാർ വലിയ ഉത്സാഹത്തോടുകൂടി കയററുന്ന സാധനങ്ങൾ നിറച്ച ലോറികൾ നിരനിരയായി പട്ടണങ്ങളെ ലക്ഷ്യ മാക്കി നീങ്ങുന്നത് കാണാം. ഒരു വർഷം മുഴുവൻ മണ്ണിൽ വിയർപ്പൊഴുക്കി സമ്പാദിച്ചതെല്ലാം കിട്ടിയ വിലയ്ക്ക് കൊടുക്കേണ്ടി വന്ന കർഷകരുടെ മുമ്പി ലൂടെ വലിയ ആരവത്തോടെ പാഞ്ഞു പോകുന്ന ഇത്തരം ലോറികൾ ഒരു നാടിന്റെ ദുഷിച്ച വികസന രീതിയുടെ ഉദാഹരണം തന്നെ. ഇത് ലുഷോട്ടോ എന്ന സ്ഥലത്തെ മാത്രം കഥയല്ല. എല്ലാ ടാൻസാനിയൻ കർഷകരുടെയും അനു വമിതാണ്. കർഷകന്റെ ഉൽപ്പ ന്നങ്ങൾക്ക് ന്യായമായ വില കിട്ടാതിരിക്കുകയും, തിരിച്ച് വാങ്ങുന്ന സാധനങ്ങൾക്ക് അന്യായമായ വില കൊടുക്കേണ്ടിയും വരുന്ന സാഹചര്യമാണ് ഒരു

രാജ്യത്തെ ദരിദ്രമാക്കുന്നത്. പച്ചക്കറിയുടെയോ പഴങ്ങളുടെയോ കാര്യത്തിൽ മാത്രമല്ല, ടാൻസാനിയക്കാരുടെ പ്രധാന ആഹാരമായ ചോളത്തിന്റെയും അരിയുടെയും കാര്യത്തിലും ഇതു തന്നെയാണ് സ്ഥിതി. ഒരു കിലോ അരി കടയിൽ നിന്നും വാങ്ങണമെങ്കിൽ 35 ഇന്ത്യൻ രൂപയ്ക്ക് സമാനമായ 800 ടാൻസാനിയൻ ഷില്ലിങ് കൊടുക്കേണ്ടി വരും. ഒരു ദിവസം മുഴുവൻ അധ്വാനിക്കുന്ന ഒരു ശരാശരി തൊഴിലാളിയുടെ വേതനം ഏതാണ്ട് മുഴുവനായും വേണ്ടി വരും ഒരു കിലോ അരി വാങ്ങേണ്ടി വരുമ്പോൾ. ഏതാണ്ട് എട്ടു വർഷങ്ങൾക്കു മുമ്പ് അരിയുടെ വില 10 രൂപയിൽ താഴെയായിരുന്നു എന്നു മനസ്സിലാക്കുമ്പോഴാണ് ആഗോളവൽക്കരണനയങ്ങൾക്ക് പൂർണ്ണമായും വിധേയപ്പെട്ടിട്ടുള്ള ഒരു നാട്ടിലെ ജനത അനുഭവിക്കുന്ന യാതനകൾ നമ്മൾ തിരിച്ചറിയേണ്ടത്. ടാൻസാനിയൻ സർക്കാരിന്റെ കണക്കു പ്രകാരം തന്നെ അവിടത്തെ ശരാശരി പ്രതിവർഷ കുടുംബവരുമാനം 9000 രൂപയാണ് (200 യു. എസ് ഡോളർ). അങ്ങനെ നോക്കുമ്പോൾ ടാൻസാനിയക്കാർ ദരിദ്രരാണെന്ന് അന്താരാഷ്ട്ര സംഘടനകൾക്ക് വിലയിരുത്താൻ കഴിഞ്ഞേക്കാം. യഥാർത്ഥത്തിൽ ഒരു ജനത ദരിദ്രരാകുന്നത് അവർക്ക് സമ്പാദിക്കാൻ കഴിയുന്നതിനെക്കാൾ കൂടുതൽ തുക ജീവിതത്തിന്റെ ദൈനദിന(അടിസ്ഥാന) ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കേണ്ടി വരുമ്പോഴാണല്ലോ. എന്നാൽ യഥാർത്ഥത്തിൽ അവർ ദരിദ്രരായത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയററവും കഴിഞ്ഞകാലങ്ങളിലെ ചൂഷണത്തിന്റെ ഫലമായുണ്ടായ ധാതുസമ്പത്തുകളുടെ ശോഷണവും മൂലമാണ്. ഇതിന്റെയെല്ലാം ലാ ം ചെന്നുചേരുന്നത്, ഇന്നു നമ്മൾ വികസിത രാജ്യങ്ങൾ എന്ന് ആദരവോടെ വിളിക്കുന്ന അമേരിക്കൻ-യൂറോപ്യൻ രാജ്യങ്ങളിലാണ് എന്നോർക്കുക.

## കിങ്കോ

ഏതാണ്ട് 15 ദിവസമായി ഞാൻ കിങ്കോയിൽ





താമസം തുടങ്ങിയിട്ട്. ഞാൻ താമസിക്കുന്ന വീട്ടിൽ നിന്ന് നോക്കിയാൽ ഉസംബാര മലനിരകൾ പല മടക്കുകളായി, അങ്ങിങ്ങ് മനോഹരമായി വ്യാപിച്ചു കിടക്കുന്നതു കാണാം. മലമടക്കുകളിലും താഴ്വരകളിലും ഗ്രാമീണർ പകൽ മുഴുവനും ജോലി ചെയ്യുന്നുണ്ടാകും. വെള്ളം ശേഖരിക്കാൻ പോകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും നീണ്ട നിര കൃഷിയിടങ്ങളിലെ ഊടുവഴികളിലൂടെ ജാഥയായി നീങ്ങുന്നതു കാണാം. വയലുകളിലും മലഞ്ചെരിവുകളിലും തക്കാളി, ഉരുളൻകിഴങ്ങ്, ബീൻസ്, ചോളം എന്നിവ കൃഷി ചെയ്യുന്നു. താഴ്വരകളിൽ ഗ്രാമീണർ മഴയെ ആശ്രയിക്കാതെ വയലുകളിൽ ചെറിയ കുഴികൾ ഉണ്ടാക്കി അവിടെ നിന്നും വെള്ളം കോരിയൊഴിച്ച് തക്കാളിയും ഉരുളക്കിഴങ്ങും കൃഷി ചെയ്യുന്നു. എന്നാൽ മലഞ്ചരിവിൽ മഴയെ മാത്രം ആശ്രയിച്ച് ബീൻസും ചോളവും ആണ് കൂടുതലായി കൃഷി ചെയ്യുന്നത്. ഈ വർഷം അപ്രതീക്ഷിതമായി മഴ ലഭിക്കാതെ പോയത് എല്ലാ കൃഷിയെയും സാരമായി ബാധിച്ചു കഴിഞ്ഞു. എല്ലാ ജലസ്രോതസ്സുകളും വററിവരണ്ടു കഴിഞ്ഞിരിക്കുന്നു. വാടി നിൽക്കുന്ന തക്കാളിച്ചെടികളും ഉരുളൻകിഴങ്ങു ചെടികളും ദയനീയമായ കാഴ്ച തന്നെയാണ്. മഴ കിട്ടാത്തതിനാൽ കൃഷി നശിച്ചതുമൂലം ആൾക്കാർ കൂലിപ്പണിക്കായി മററു മേഖലകളിലേക്ക് പോയിത്തുടങ്ങിയിരിക്കുന്നു. കിഴക്കെ ആഫ്രിക്കയിൽ പെടുന്ന ടാൻസാനിയ, കെനിയ, ഉഗാണ്ട തുടങ്ങിയ രാജ്യങ്ങളിൽ ഈ വർഷം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കടുത്ത വരൾച്ചയുടെ ഫലമാണിത്.

(തുടരും....)

*സിഗ്മ ഇലക്ട്രോണിക്സ്, പാത്തംപാറ, കണ്ണൂർ*



അതിരപ്പിള്ളി സമരത്തിന് പിന്തുണയുമായി മലയാളം വാരിക. ആഗസ്റ്റ് 13 ലക്കം. കാണുക.